**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നാളിതുവരെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)**<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി 2020 മുതൽ 2025 വരെ നടപ്പിലാക്കി വരുന്നു. ഗുരുവായൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ചാവക്കാട് മത്സ്യഭവന്റെ ക്ലസ്റ്ററായ ചാവക്കാട് ക്ലസ്റ്ററിൽ അമ്പതോളം കർഷകർ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പി.എം.എം.എസ്.വൈ, ജെ.എം.കെ പദ്ധതികളിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂട് മത്സ്യകൃഷി, RAS, അലങ്കാര മത്സ്യകൃഷി, മത്സ്യവിപണനത്തിന് ടൂവീലർ, ത്രീവീലർ, സൈക്കിൾ വിത്ത് ഐസ് ബോക്സ്, ലൈവ് ഫിഷ് വെന്റിംഗ് സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ശുചിത്വ സാഗരം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>**2. മറൈൻ സ്കീം.**<br><br>**ഇൻഷുറൻസ്**<br><br>175 ഓളം മത്സ്യത്തൊഴിലാളികൾ ടി പദ്ധതി പ്രകാരം യാനങ്ങൾക്കായി ഇൻഷുറൻസ് എടുത്തിട്ടുണ്ട്.<br><br>**സ്ക്വയർ മെഷ്**<br><br>കടൽ മത്സ്യങ്ങളുടെ സംരക്ഷണത്തിനും മാനേജ്മെന്റിനുമായി മത്സ്യത്തൊഴിലാളി കൾക്ക് വല നൽകുന്ന ഈ പദ്ധതിയിൽ 13 പേർ ഉൾപ്പെട്ടിട്ടുണ്ട്.<br><br>**ഇൻസുലേറ്റഡ് ഐസ് ബോക്സ്** |

46 മത്സ്യത്തൊഴിലാളികൾ ടി പദ്ധതി പ്രകാരം ആനുകൂല്യം കൈപറ്റിയിട്ടുണ്ട്.

**<u>ലൈഫ് ജാക്കറ്റ്</u>**

ഇരുന്നൂറോളം മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതി പ്രകാരം ലൈഫ് ജാക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്.

**<u>തൊഴിൽതീരം</u>**

പദ്ധതി പ്രകാരം 115 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 7 പേർക്ക് ജോലി ലഭ്യമായി.

**<u>ജി.പി.എസ്.</u>**

34 മത്സ്യത്തൊഴിലാളികൾക്ക് ജി.പി.എസ്. നൽകിയിട്ടുണ്ട്.

**3. <u>ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്</u>**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മത്സ്യഭവൻ പരിധിയിൽ വരുന്ന ചാവക്കാട് താലൂക്ക് പുന്നയൂർ പഞ്ചായത്തിൽ പെടുന്ന എടക്കഴിയൂർ മത്സ്യഗ്രാമത്തെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. 7.38 കോടി രൂപയോളം ചെലവ് വരുന്ന പദ്ധതിയിൽ 4.428 കോടി രൂപ കേന്ദ്രവിഹിതവും 2.952 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ 7 ഘടകപദ്ധതികളുണ്ട്.

i. Development of Fish Landing Centre and associated infrastructure

ടി ഘടകത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ NOC അടിയന്തിരമായി കെ.എസ്.സി.എ.ഡി.സി.യ്ക്ക് കൈമാറണമെന്ന് ബഹു. എം.എൽ.എ നിർദ്ദേശിച്ചിട്ടുണ്ട്.

ii. Establishment of Rehabilitation cum awareness centre

ടി പദ്ധതി എടക്കഴിയൂർ ജി.എം.എൽ.പി സ്കൂളിനോട് ചേർന്ന് നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും NOC ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii. Establishment of fisherfolk dwelling with required basic amenities

22 വീടുകളുടെ നിർമ്മാണത്തിനും 4 വീടുകളുടെ അറ്റകുറ്റപണികൾക്കുമുള്ള തുകയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തുവരുന്നു.

iv. Establishment of Seafood Cafeteria/Fish product outlet as means of fisher women empowerment

പ്രസ്തുത പദ്ധതിയ്ക്കായി മൊബൈൽ ഫുഡ് ട്രക്ക് നടപ്പിലാക്കുന്നതിനായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പുരോഗമിച്ചുവരുന്നു.

v. Establishment of OBM repair centre

യാനങ്ങളുടെ അറ്റകുറ്റപണികൾക്കായി നടപ്പിലാക്കിയ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

vi. Creation of coastal biosheild

സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

vii. Artificial Reef

നടപടികൾ പുരോഗമിച്ചുവരുന്നു.

**4. <u>ചാവക്കാട് മത്സ്യഭവൻ കെട്ടിട നിർമ്മാണം</u>**

ചാവക്കാട് മത്സ്യഭവൻ കെട്ടിട നിർമ്മാണത്തിന് 50 ലക്ഷം രൂപ ബഹു. എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 14.02.2025 ന് പുതിയ മത്സ്യഭവൻ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം ബഹു. ഗുരുവായൂർ നിയോജകമണ്ഡലം എം.എൽ.എ നിർവ്വഹിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**5. <u>ട്രെയിനിംഗ് കോളേജ്, ജി.ആർ.എഫ്.ടി.എച്ച്.എസ്.,</u>**

**<u>ചാവക്കാട്</u>**

ട്രെയിനിംഗ് കോളേജിനായി സ്കൂൾ കെട്ടിടത്തിലെ മുറികൾ പുതുക്കി പണിയുന്നതിന് ബഹു. എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. Renovation work ഏറ്റെടുത്തിട്ടുള്ളത് ചാവക്കാട് നഗരസഭയാണ്. വർക്കുകൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.

**6. <u>പുനർഗേഹം</u>**

| | | | |
|---|---|---|---|
| | | | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി പ്രകാരം 45 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നിശ്ചിത മാനദണ്ഡപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>**7. <u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>**<br><br>പ്രസ്തുത പദ്ധതി പ്രകാരം 2021-22 മുതൽ 2024-25 കാലഘട്ടത്തിൽ അർഹമായ എല്ലാ ഗുണഭോക്താക്കൾക്കും കേന്ദ്ര-സംസ്ഥാന ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ